# പ്ലാവില

മാസിക

ലക്കം 12/ജൂലൈ 2011


خط لکھیں گے گرچہ مطلب کچھ نہ ہو
ہم تو عاشق ہیں تمہارے نام کے

മറുപടി ലഭിക്കുകയില്ലെങ്കിലും
നിനക്കു ഞാൻ എഴുതിക്കൊണ്ടിരിക്കും,
നിന്റെ നാമം എഴുതുമ്പോൾ
എന്റെയുള്ളിൽ പ്രണയം നിറയുകയാണ്.

## മലയാളിയുടെ ഗസൽജീവിതങ്ങൾ

ഡോ.ഉമർ തറമേൽ • സജയ്.കെ.വി. • എം.കെ.മധു • മൻസൂറലി.ടി.



**നിന്റെ ശരീരത്തിലെ വെളിച്ചത്തിൽ**/ഇ.പി.രാജഗോപാലൻ
**പഴഞ്ചൊല്ലുകളിലെ പാഠങ്ങൾ**/ഡോ.പ്രിയദർശൻലാൽ
**ആത്മാവിന്റെ സ്വന്തം നാട്ടിൽ നിന്ന്**/എൻ.പ്രഭാകരൻ
**ആന്റി ക്രൈസ്റ്റ്: സിനിമയും സമൂഹവും**/രാജേഷ്

വീരാൻകുട്ടി | ഡോ.മുഞ്ഞിനാട് പത്മകുമാർ | പി.കെ.ഗോപി | സെബാസ്റ്റ്യൻ
ദിവാകരൻ വിഷ്ണുമംഗലം | എ.സി.ശ്രീഹരി | വി.ടി.ജയദേവൻ
ഗഫൂർ കരുവണ്ണൂർ | നന്ദനൻ മുള്ളമ്പത്ത്

# മലയാളത്തിൽ വിരിയാത്ത **ഗസൽപ്പൂക്കൾ**

മാന്ത്രികമായ താളഭംഗിയാലും ഈണത്തിന്റെ ഇഴചേരൽകൊണ്ടും കേൾവിക്കാരനെ മിസ്റ്റിക് അനുഭൂതിയുടെ തലങ്ങളിലേക്ക് ഉയർത്താൻ കഴിവുള്ള കാവ്യരൂപമാണ് ഗസൽ. പ്രണയവും വിരഹവും ഗൃഹാതുരതയും ജീവിതകാമനയും സാമൂഹികവിമർശനവുമെല്ലാം തുളുമ്പിനിൽക്കുന്ന ഗസലുകൾ, കേരളത്തിലും വലിയ തോതിൽ ആസ്വാദകരുള്ള ഒരു കാവ്യരൂപമായി മാറിയിരിക്കുന്നു. എന്നാൽ പലപ്പോഴും ഗസലിനെക്കുറിച്ച് തെറ്റായ ധാരണയാണ് മലയാളികൾ വച്ചുപുലർത്തുന്നത് എന്ന് കാണാം. ഒ.എൻ.വിയും സച്ചിദാനന്ദനും എഴുതുകയും ഉമ്പായി പാടുകയും ചെയ്യുന്ന ഗാനങ്ങളെല്ലാം ഗസലാണെന്നാണ് പലരും ധരിച്ചുവച്ചിട്ടുള്ളത്. ഇത് തീർത്തും തെറ്റായ ഒന്നാണ്. നിതയമായ ഘടനയോടുകൂടിയ കർശനമായ നിയമങ്ങൾ പാലിക്കേണ്ടുന്ന ഒരു കാവ്യരൂപമാണ് ഗസൽ. എന്നാൽ ഗസലിന്റേതായ ഒരു നിയമവും മലയാളത്തിൽ ഗസലെന്നപേരിൽ ഇറങ്ങുന്ന കവിതകളിൽ കാണുന്നില്ല. ഗസലിന്റെ ഘടനയെക്കുറിച്ചും അതിന്റെ സവിശേഷമായ സ്വഭാവത്തെക്കുറിച്ചുമാണ് ഇവിടെ പരിശോധിക്കുന്നത്.

ഗസൽ ഇന്ത്യയിൽ വന്നത് പന്ത്രണ്ടാം നൂറ്റാണ്ടോടുകൂടിയാണ്. മുഗൾ രാജാക്കന്മാരുടെ വരവോടൊപ്പം അവരുടെ പേർഷ്യൻ സംസ്കാരം മാത്രമല്ല, അതിന്റെ അവിഭാജ്യഘടകമായ കവിത, സംഗീതം, നൃത്തസമ്പ്രദായങ്ങൾ എന്നിവയും ഇന്ത്യയിലേക്കവർ കൊണ്ടുവന്നു പ്രചരിപ്പിക്കാൻ തുടങ്ങിയതിന്റെ പരിണിതഫലമാണ് പിന്നീട് ആവിർഭവിച്ച ഗസൽ എന്ന കാവ്യരൂപം. ഇന്തോ-പേർഷ്യൻ സംസ്കാരങ്ങൾ തമ്മിലുള്ള സംയോഗഫലമായി ഇന്ത്യൻഭാഷയായ ഉർദുവിന്റെ വികാസം ത്വരിതപ്പെടുകയും തെക്കേ ഇന്ത്യയിലെ ബീജാപ്പൂർ, ഗോൽക്കണ്ട എന്നീ പ്രദേശങ്ങളിൽ ഉർദുഭാഷയിൽ ഗസൽകവിതാസമ്പ്രദായം ആവിർഭവിക്കുകയും ചെയ്തു. ഇന്ത്യയിൽ ഗസലിന് തുടക്കം കുറിച്ചത് അമീർഖുസ്രുവാണെന്ന് പറയപ്പെടുന്നെങ്കിലും, ഡെക്കാനിലെ സുൽത്താനായിരുന്ന മുഹമ്മദ് ഖുലികുത്തുബ്ഷായാണ് ആദ്യമായി ഉർദുവിൽ ഒരു ദീവാൻ (കവിതാസമാഹാരം) പുറത്തിറക്കിയത്. വലിമുഹമ്മദ്‌വലിയെന്ന ദക്കനികവിയാണ് ഉർദുഗസലുകളുടെ തുടർന്നുള്ള പുരോഗതിക്ക് യഥാർഥത്തിൽ വഴിയൊരുക്കിയത് എന്നുവേണം കരുതാൻ. ഇദ്ദേഹം 1700ൽ ദൽഹി സന്ദർശിക്കുകയും ദൽഹിയിലേയും ദക്ഷിണേന്ത്യയിലേയും ഗസൽ രചനാധാരകളെ ഒന്നിപ്പിക്കുന്നതിൽ വിജയം കൈവരിക്കുകയും ചെയ്തു. ഇതിന്റെ ഫലമായാണ് ഗസലിന്റെ വളർച്ച ത്വരിതപ്പെട്ടത്.

നിത്യോപയോഗത്തിലുള്ള നിരവധി വാക്കുകളും സംഭാഷണങ്ങളും കവിതയാകുന്ന മൂശയിൽ വാർത്തെടുത്തതാണോ എന്നു തോന്നത്തക്ക അത്രയധികം ഗസലുകൾ ഉർദുഭാഷയിലുണ്ട്. കർണാകടസംഗീതത്തിന്റെ സ്ഥായിയായ ഭാവം ഭക്തിയാണെങ്കിൽ ഗസലിലെ സ്ഥായിയായ ഭാവം പ്രേമമാണെന്ന് പറയാം. പ്രേമസാക്ഷാത്കാരത്തേക്കാൾ പ്രേമനൈരാശ്യങ്ങളായിരുന്നു ഗസലിന്റെ പിറവികാലത്തെ പ്രമേയങ്ങൾ. തീവ്രവേദന, ദുഃഖം, വിരഹം തുടങ്ങിയ വൈകാരികാവസ്ഥകളെയാണ് ഗസൽസാഹിത്യം സംവേദനം ചെയ്തത്.

മുസ്‌ലിം സമുദായത്തിൽ പർദാസമ്പ്രദായം ഏറ്റവും കർശനമായി നടപ്പിലാക്കിയിരുന്ന കാലഘട്ടത്തിൽ യൗവനത്തിലെത്തിയ സ്ത്രീപുരുഷന്മാർക്ക് പരസ്പരം കാണാനോ സംസാരിക്കാനോ ഉള്ള സ്വാതന്ത്ര്യം തീരെയില്ലായിരുന്നു. അഥവാ ആശയവിനിയമം നടത്തുക എന്നത് അത്യന്തം ബുദ്ധിമുട്ടിയും, വളരെ താഴ്ന്ന സ്വരത്തിലുമാകേണ്ടിയിരുന്നു. ഇക്കാരണങ്ങളാലാണ് ഗസലുകളിൽ നിഗൂഢവും സൂചനാപരവുമായ പ്രയോഗങ്ങൾ ആവശ്യമായി വന്നതെന്ന് വേണം കരുതാൻ. താൻ പ്രേമിക്കുന്ന സ്ത്രീക്കോ പുരുഷനോ തങ്ങളുടെ ആശയങ്ങളോ, ആകാംക്ഷ

കളോ വേണ്ടസമയത്ത് മറുപക്ഷത്ത് എത്തിക്കാൻ സാധിക്കായ്കമൂലം അക്കാലത്ത് വാസ്തവത്തിൽ പ്രേമസാക്ഷാത്കാരത്തേക്കാൾ പ്രേമനൈരാശ്യങ്ങളായിരുന്നു സംഭവിച്ചുകൊണ്ടിരുന്നത്. അതുകൊണ്ടുതന്നെ ഗസലുകളിൽ ഏറെക്കുറെ പ്രകടമായിക്കൊണ്ടിരുന്ന ഭാവം പ്രേമഭംഗത്തിൽ നിന്നുടലെടുക്കുന്ന തീവ്രമായ ദുഃഖവും വേദനയുമാകുന്നു. ഇങ്ങനെ നോക്കുമ്പോൾ വാക്യോൽപ്പത്തി ശാസ്ത്രപരമായ അർഥത്തിൽ 'അമ്പേറ്റുപിടയുന്ന മാനിന്റെ രോദനം' എന്നർഥം വരുന്ന 'ഗസൽ' എന്ന അറബി വാക്കിനോട് ഗസൽക്കവിതകളെ ഉപമിക്കുന്നതിന്റെ സൗന്ദര്യം ഒന്നു വേറെത്തന്നെയാണ്.

നിയതമായ നിയമങ്ങൾ പാലിക്കുന്ന ഒരു ഗാനശാഖയാണ് ഗസൽ. സാധാരണയായി ഒരു ഗസലിൽ പത്തുമുതൽ പന്ത്രണ്ട് വരെ ഈരടികൾ (ശേർ) ഉണ്ടായിരിക്കും. എന്നാൽ ഒരു ഗസലിൽ ഇത്ര ഈരടികളേ പാടുള്ളൂ എന്നൊരു നിയമമൊന്നുമില്ല. ഈരടികൾ ആശയപരമായി ഒന്ന് മറ്റൊന്നിന്റെ തുടർച്ചയാവണമെന്നില്ല. ഇങ്ങനെ വരുമ്പോൾ ഗസലിലെ ഓരോ ഈരടിയും സ്വതന്ത്രവും ആശയപരമായി സമ്പൂർണവും സവിശേഷമായ സ്വഭാവത്തെ ഉൾക്കൊള്ളുന്നതുമാണെന്ന് കാണാം.

ഗസലിലെ ഒരു വരിയെ 'മിസ്റ' എന്നും രണ്ട് മിസ്റകൾ ചേർന്നത് അഥവാ ഈരടിയെ ശേർ എന്നും വിളിക്കുന്നു. ശേറുകൾ ഒരേ താളത്തിൽ ചിട്ടപ്പെടുത്തിയത് ആയിരിക്കും. ഗസലിലെ ഒന്നാമത്തെ ശേറിനെ 'മത്ല' എന്ന് പറയുന്നു. ഉദിക്കുന്ന ദിക്കെന്നാണ് മത്ല കൊ ണ്ടർഥമാക്കുന്നത്. ഉദയം ഉജ്വലമായിരിക്കും എന്നതുപോലെ മത്ലയും ആകർഷകമായിരിക്കും. ഗസൽ മുഴുവനുമില്ലെങ്കിലും ആദ്യത്തെ ഏതാനും ഈരടികൾ വരെയെങ്കിലും അതിലെ മത്ലയുടെ പ്രഭാവവും വികാരവും ശേറുകളിൽ നിറഞ്ഞുനിൽക്കും.

ഗസലിലെ മറ്റൊരു പ്രധാനനിയമമാണ് 'റദീഫ്' അഥവാ അന്ത്യപ്രാസം എന്നത്. ഒന്നോ ഒന്നിലധികം പദങ്ങളോ ഒരുപോലെ മത്ലയുടെ രണ്ടുപാദങ്ങളുടെ ഒടുവിലും പിന്നീടുള്ള ശേറുകളിൽ രണ്ടാംപാദത്തിന്റെ അന്ത്യത്തിലും ആവർത്തിക്കുന്ന പ്രാസദീക്ഷയാണ് 'റദീഫ്'. ആശയസൗന്ദര്യം നഷ്ടപ്പെടാതെ ആലാപനസൗകുമാര്യം വർധിപ്പിക്കുന്ന റദീഫ് ദീക്ഷിക്കാൻ ഉർദുകവികൾ വളരെ ശ്രദ്ധിച്ചിരിക്കുന്നു. ഗസലുകളിൽ റദീഫിന് മുന്നേ പ്രയോഗിക്കുന്ന മറ്റൊരു പ്രാസദീക്ഷയാണ് 'ഖാഫിയ'. ഖാഫിയയിൽ പദത്തിന്റെ അന്ത്യത്തിലെ അക്ഷരം അഥവാ അക്ഷരങ്ങൾ ഒരുപോലെ ഇരിക്കണം. എന്നാൽ പദങ്ങൾ വ്യത്യസ്തമായിരിക്കും. ഗസലിൽ റദീഫും ഖാഫിയയും പ്രത്യക്ഷപ്പെടുന്നത് മത്ലയിലൂടെയാണ്. മത്ലയ്ക്ക് ശേഷമുള്ള മുഴുവൻ ശേറുകളിലും രണ്ടാംപദത്തിൽ മാത്രം ഇതേ റദീഫും ഖാഫിയയും ആവർത്തിച്ച് വന്നിരിക്കും. ഇത് ഗസലിന്റെ മേന്മയായാണ് സാധാരണയായി കണക്കാക്കുന്നത്.

ഗസലിലെ പ്രധാനപ്പെട്ട മറ്റൊരു നിബന്ധനയാണ് 'മഖ്ത്ത' എന്നത്. ഒരു ഗസലിന്റെ അവസാനത്തെ

കവിത ■
**പി.കെ.ഗോപി/**
9447276955

## ലോഹം

ശയനഗൃഹത്തി-
ലുണ്ടായിരുന്നു
ചാരന്റെ നിശ്വാസം.
നടവഴികളിലു-
ണ്ടായിരുന്നു
ചാവേറിന്റെ സങ്കേതം.

മൂലക്കല്ലുകൾ
ഇളക്കിക്കളഞ്ഞ്
മുകൾത്തട്ടു പണിത്
കാലൊടിഞ്ഞ
കട്ടിലിൽ കിടന്ന്
അയാൾ
വീണ്ടും
സ്വപ്നം കണ്ടു...

സുന്ദരമായ
ലോകത്തിന്റെ
ലോഹപ്പൂന്തോട്ടം!

കവിത ■
**ദിവാകരൻ വിഷ്ണുമംഗലം/**
9446339708

## ദൃക്സാക്ഷ്യം

വിജയികളോ
വിജയകഥകൾ വിറ്റ്
ഉന്നതവിജയികളായി.

പരാജിതരോ
ആ വീരഗാഥകൾ
വാങ്ങി വായിച്ച്
പിന്നെയും
പരാജിതരായി.

കവിത ■
നന്ദനൻ മുള്ളമ്പത്ത്/
9745228944

## കച്ചറക്കാലം

ആലയിൽ
ഉറങ്ങുന്ന
ആടിനെ കട്ടു

പീടിക
കുത്തിത്തുറന്ന്
അരിയും
സാധനങ്ങളുമെടുത്തു
പലതരം സിഗരറ്റുകളും
പത്തുപെട്ടി
ചീട്ടുമെടുത്തു

മലമുകളിൽ
ഒരൊളി സ്ഥലമുണ്ട്
ഒരാഴ്ച അവിടെ കൂടാൻ

മങ്കുരുണി*
മാത്രം മാങ്ങണം.

---

*വാറ്റ് ചാരായം

ശേറിനെയാണ് മഖ്ത്തകൊണ്ട് അർഥമാക്കുന്നത്. കവി സ്വന്തം പേര് (തഖുല്ലുസ്) വെളിപ്പെടുത്തുന്നത് മഖ്തയിലായിരിക്കും. പൂർണമായ പേര് ഉൾപ്പെടുത്തുക പ്രയാസമായതിനാൽ തൂലികാനാമം ആണ് ഉർദുകവികൾ സ്വീകരിച്ചിരിക്കുന്നത്. മുഹമ്മദ് ഇഖ്ബാൽ തൂലികാനാമമായി ഇഖ്ബാൽ എന്ന് മാത്രമേ എഴുതിയിരുന്നുള്ളൂ.

ഉദാഹരണമായി പ്രശസ്ത ഗസൽകവി 'മീർ-തഖി-മീർ' ന്റെ ബാരഹ ഗോർ ദിൽ ഝുകാ' എന്ന ഗസലൊന്ന് പരിശോധിക്കാം.

'ബാരഹ ഗോർ ദിൽ ഝുകാ ലായാ
അബ് കേ ശർത്-ഏ-വഹാ ബജാ ലായാ
ഖദർ രഖ്തീ ന ഥീ മിതാ- ഏ-ദിൽ
സാരേ ആലം കോ മേം ദിഖാ ലായാ
ദിൽ കേ യക് ഖത്റാ-ഏ-ഖൂൻ നഹീ ഹൈ ബേശ്
ഇക് ആലം കേ സർ ബലാ ലായാ
സബ് പേ ജിസ് ബാർ നേ ഗിരാനീ കീ
ഉസ്കോ യേ നാത്വാം ഉഠാ ലായാ
ദിൽ മുഝേ ഉസ് ഗലീ മേ ലേ ജാ കർ
ഔർ ഭീ ഖാക് മേ മിലാ ലായാ
അബ് തോ ജാതേ ഹൈം ബുത്കദേ ഏയ് 'മീർ'
ഫിർ മിലേംഗേ അഗർ ഖുദാ ലായാ'

ഇതിൽ ആദ്യത്തെ ഈരടിയായ 'മത്ത്ല'യിൽ 'ലായാ' എന്ന പദമുപയോഗിച്ച് റദീഫ് പ്രാസനിബന്ധനയും, റദീഫിന് തൊട്ട് മുമ്പായി 'ആ' എന്ന അക്ഷരം ഉപയോഗിച്ച് ഖാഫിയ പ്രാസവും പാലിച്ചതായി കാണാം. തുടർന്ന് വരുന്ന എല്ലാ ഈരടികളുടേയും രണ്ടാം പാദത്തിൽ ഈ പ്രാസനിയമങ്ങൾ പാലിച്ചിരിക്കുന്നു. അവസാനത്തെ ശേറായ മഖ്ത്തയിൽ 'ബുത്കദേ ഏയ് മീർ' എന്നതിലൂടെ കവി സ്വയം പേർവെളിപ്പെടുത്തുന്നതായും കാണാം.

എന്നാൽ ഇന്ന് മലയാളത്തിൽ ഗസലെന്ന പേരിൽ ഇറങ്ങുന്ന ഒരു കവിതയിൽ പോലും മുകളിൽപ്പറഞ്ഞപ്രകാരമുള്ള നിയമങ്ങൾ പാലിച്ച് കാണുന്നില്ല. ഓരോ ഈരടികളും സ്വതന്ത്രമായിരിക്കുക, അന്ത്യപ്രാസം ആവർത്തിക്കുക, മാത്രാനിയമം പാലിക്കുക തുടങ്ങിയ ഗസലിന്റെ ചിട്ടവട്ടങ്ങൾ ഇതിൽ കാണുന്നില്ല. മലയാളം ഗസലുകളിൽ ഒന്നിൽപ്പോലും ഗസലിലെ പ്രധാനനിയമമായ 'മഖ്ത്ത' (അവസാനശേറിൽ കവി പേർ വെളിപ്പെടുത്തുന്നുണ്ട്) പാലിച്ചതായി കാണുന്നില്ല.

മലയാളം ഗസലുകളെന്ന പേരിൽ ആൽബങ്ങളിറക്കി ജനപ്രിയനായ ഗായകനാണ് ഉമ്പായി. അദ്ദേഹം പാടിയ കവിതകളധികവും ഒ.എൻ.വിയും സച്ചിദാനന്ദനും രചിച്ചവയാണ്. മലയാളം ഗസലുകളെന്ന പേരിൽ പ്രധാനമായും പുസ്തകരൂപത്തിൽ ഇറങ്ങിയതും ഇവരുടെ പുസ്തകങ്ങളാണ്. സച്ചിദാനന്ദന്റെ 'ഗസലുകൾ ഗീതങ്ങൾ' (ഹരിതം ബുക്സ്) എന്ന പുസ്തകവും ഒ.എൻ.വിയുടെ 'ഗസലുകൾ പൂക്കുന്ന രാത്രി' (ഒലീവ് പബ്ലിക്കേഷൻസ്) എന്നതുമാണ് അച്ചടിച്ച് പ്രസിദ്ധീകരിക്കപ്പെട്ട മലയാളം ഗസലുകൾ. ഈ രണ്ട് പുസ്തകങ്ങളേയും എടുത്ത് പരിശോധിച്ചാൽ ഉർദുഗസലുകളുമായി ഇവയ്ക്ക് രൂപഘടനയിൽ പുലബന്ധംപോലും ഇല്ലെന്ന് മനസ്സിലാവും. ഇവരുടെ രചനകളിൽ ഒന്നിൽ പോലും 'മത്ത്ല', ഖാഫിയ, മഖ്ത്ത എന്നിവ കാണുക പ്രയാസമാണ്.

സച്ചിദാനന്ദന്റെ 'ഗസലുകൾ ഗീതങ്ങൾ' എന്ന സമാഹാരത്തിൽ ഒന്നാമതായി കൊടുത്തിരിക്കുന്നത് 'പാടുന്ന

കവിത ■ സെബാസ്റ്റ്യൻ/9895819562

# ശാസ്ത്രജ്ഞൻ

നാല്പതുവർഷത്തെ പരീക്ഷണങ്ങൾക്കുശേഷം
ഞാൻ മൊട്ടുസൂചി കണ്ടുപിടിച്ചു.
അമ്മയുടെ ട്രങ്കപെട്ടിക്കുള്ളിലെ നിഗൂഢതകളിൽ നിന്നും
ഉറപ്പാണ് വിവാദമാകുമെന്ന്;
നേരത്തെ കണ്ടുപിടിച്ചെന്നു പറയുന്ന ഒന്നിനെ
കണ്ടുപിടിക്കുക!
അതും ഒരു പഴയ ട്രങ്കുപെട്ടിയിൽ നിന്നും
ആരും അറിയേണ്ട
പ്രശസ്തിയും പെരുമയും വേണ്ടേ വേണ്ട
എന്റെ പ്രയത്നം
വൃഥാവിലായില്ലല്ലോ?
അതുമതി?
പഴയ മേശവലിപ്പിൽ നിന്നും കിട്ടിയ
ഒരു കഷണം കാന്തത്തിന്
അതിനെ ആവാഹിച്ചിരുത്തി
അലമാരയിൽ വെച്ചു പൂട്ടി
ഇടയ്ക്കിടെ എടുത്ത്
ഒരു കടലാസിൽ കിടത്തി
കാന്തം അതിനടിയിലൂടെ ഓടിച്ച്
പരീക്ഷണങ്ങൾ തുടരാമല്ലോ
അതുമാത്രം മതി.



തെന്തിന്' എന്ന കാവ്യമാണ്. ഇതിന് ഉർദു ഗസലുകളുമായി ഒരു തരത്തിലുള്ള സാദൃശ്യവുമില്ല എന്ന് ഇത് പരിശോധിച്ചാൽ മനസ്സിലാവും. 'പാടുന്നതെന്തിനെന്നുള്ളിലിരുന്നൊരാൾ/പോയ കാലത്തിന്റെ ഭംഗി? നാടോടിയീണങ്ങൾ പാടിടും പോലയാ/കാവിലെ വേലയെപ്പറ്റി' -ഇവിടെ അന്ത്യപ്രാസം പാലിക്കുകയോ, മാത്രാനിയമം പാലിക്കുകയോ ചെയ്തിട്ടില്ല. സച്ചിദാനന്ദന്റെ ഈ സമാഹാരത്തിലെ രണ്ടാമതായി കൊടുത്തിരിക്കുന്ന 'പറഞ്ഞാലും തോഴീ' എന്നതിൽ ഈരടി എന്ന വ്യവസ്ഥപോലും പാലിച്ച് കാണുന്നില്ല.

'പറഞ്ഞാലും തോഴീ, പകൽ/തളർന്നാലും, പാഴിലയിൽ/വെറുതേയീ വൈകുന്നേരമിഴഞ്ഞെന്നാലും/പറഞ്ഞാലും, കാട്ടുതീയിൽ/വിളയെല്ലാം കരിഞ്ഞാലും/ഒരു ഭൂകമ്പമെൻ വീടുതകർത്തെന്നാലും!' ഒ.എൻ.വിയുടെ മലയാളം ഗസലുകളിലും ഉർദുഗസലുകളുമായി ഒരു സാമ്യവും കാണുന്നില്ല. അദ്ദേഹവും ഈരടികൾ സ്വതന്ത്രമായി അർഥം കൽപ്പിക്കുന്ന രീതിയിലോ, അവസാനപദം ആവർത്തിക്കുക, മാത്രാനിയമം പിന്തുടരുക എന്നീ നിബന്ധനകൾ അനുസരിച്ചോ ഗസലുകൾ രചിച്ചതായി കാണുന്നില്ല. അദ്ദേഹത്തിന്റെ ചില വരികൾ ശ്രദ്ധിച്ചാൽ ഇത് മനസ്സിലാവും.

പുതിയൊരു രാഗം പാടുക താൻസെൻ/മധുമഴ, കുളിർമഴ പെയ്യിക്കൂ!/ഇണ ചേരും ഇരു രാഗങ്ങൾ തൻ/പ്രണയം പൂക്കും നവരാഗം! ഇങ്ങനെ നോക്കുമ്പോൾ മലയാളം ഗസലുകളെന്ന് ഇന്ന് പറയുന്നവയും ഉർദുഗസലുകളും തമ്മിൽ സാമ്യത്തേക്കാൾ കൂടുതൽ വൈജാത്യമാണെന്ന് മനസ്സിലാക്കാം. ഇവ രണ്ടും പരസ്പരബന്ധമില്ലാത്ത, രണ്ടു ഭാഷയിലെ കാവ്യരൂപങ്ങളായേ പരിഗണിക്കാനാവൂ. മലയാളത്തിൽ ഗസലെന്നപേരിൽ ഇറങ്ങുന്ന കാവ്യരൂപങ്ങളെ ഗസലുകളോട് സാദൃശ്യപ്പെടുത്തുന്നത് അനൗചിത്യമാണെന്ന് കാണാം. ○